**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 128** **29-09-2025 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളിലെ കോഴ്സുകളിൽ സീറ്റുകളിലെ ഒഴിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ നാല് പ്രധാന സർവകലാശാലകളിലെ വിവിധ കോഴ്സുകളിൽ നിരവധി സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളിലെ വിവിധ കോഴ്സുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സീറ്റുകൾ പൂർണമായും പ്രവേശനം നൽകി നികത്തപ്പെട്ടിട്ടില്ല. എന്നാൽ, സർവ്വകലാശാലകളിലെ പ്രവേശന നടപടികൾ പൂർത്തിയായി വരുന്നതേയുള്ളൂ എന്ന് സർവ്വകലാശാലകൾ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സർവകലാശാലകളിലെ കോഴ്സുകളിൽ വിദ്യാർത്ഥികൾ പഠിക്കാൻ എത്താത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ സർവകലാശാലകളിലേക്കും അഫിലിയേറ്റഡ് കോളേജുകളിലേക്കും വിദ്യാർത്ഥികൾ ആകർഷിക്കപ്പെടുന്നുണ്ട്.<br><br>ഉന്നതവിദ്യാഭ്യാസ മേഖല ഇപ്പോൾ പരിവർത്തനത്തിന്റെ പാതയിലാണ്. 2024-25 അക്കാദമിക വർഷം മുതൽ സംസ്ഥാനത്തെ സർവ്വകലാശാലകളിലും അഫിലിയേറ്റഡ് കോളേജുകളിലും നാലു വർഷ ബിരുദപ്രോഗ്രാമുകൾ നടപ്പിലാക്കിക്കഴിഞ്ഞു. വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാകുന്നതിനും ഉന്നത പഠന ഗവേഷണ മേഖലകളിൽ പ്രവേശിക്കുന്നതിനും അനുയോജ്യമായ വിവിധ പഠന പാതകൾ ഒരുക്കുന്ന തരത്തിലാണ് നാലു വർഷം ബിരുദ പദ്ധതി (FYUGP) രൂപ കൽപ്പന ചെയ്തിരിക്കുന്നത്. വിദ്യാർത്ഥികളെ ആകർഷിക്കുന്ന തരത്തിലുള്ള നൂതന കോഴ്സുകളും തൊഴിൽലധിഷ്ഠിത കോഴ്സുകളും ആരംഭിക്കുവാൻ സർവകലാശാലകൾ നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി വ്യവസായവുമായി നേരിട്ട് ബന്ധിപ്പിച്ചുള്ള പഠന-പരിശീലന ഘടകങ്ങൾ ഉൾക്കൊള്ളുന്ന രീതിയിലാണ് നാലുവർഷ ബിരുദ പദ്ധതിയുടെയും ബി.വോക് പ്രോഗ്രാമുകളുടെയും കരിക്കുലം രൂപകൽപ്പന ചെയ്തിരിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | (ബി)-യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ